# PRE FINAL EXAMINATION 2018-19

## മലയാളം - CODE 012

അനുവദിച്ച സമയം : 3 മണിക്കൂർ ആകെ മാർക്ക് : 80

Please check that this question paper contains 7 printed pages.

Please check that this question paper contains 7 questions.

15 minutes has been allotted to read this question paper.

The question paper is divided into four sections :

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 16 marks |
| Section C: Grammar | 17 marks |
| Section D : Literature | 37 marks |
| Total : | 80 marks |

## എ വിഭാഗം അവധാരണം

**I. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

വൈകാരികവും വൈചാരികവുമായ ഒരു അനുഭവമാണ് കവിത. ഒരാളുടെ ഹൃദയഭാവങ്ങൾ വാക്കുകളിലൂടെ മറ്റൊരാളിലേയ്ക്ക് പകരുമ്പോൾ താളബദ്ധമായ രൂപം വന്നാൽ കവിതയാകും. ചിലപ്പോൾ ഗദ്യം പോലും കവിതയായി മാറും. ഭാരതീയ സാഹിത്യാചാര്യന്മാർ രസാസ്വാദനമെന്നു പറയുന്നതും ഈ പകരൽ തന്നെ. രസാസ്വാദനം സുഗമമാകണമെങ്കിൽ കവിതയിൽ പറയുന്ന ഭാവം ആസ്വാദകന് ഉൾക്കൊള്ളാൻ കഴിയണം. കവിത വഴി ആവിഷ്ക്കരിക്കുന്ന ഭാവം

സഹൃദയരുടെ ഹൃദയത്തെ കീഴടക്കുകയും വേണം .അനുവാചകനും ചില ഗുണങ്ങളൊക്കെ ആവശ്യമാണ് .സഹൃദയൻ എന്നാണ് അനുവാചകനെയും പറയുന്നത്. പ്രതിപാദ്യവുമായി തന്മയീഭവിക്കാനുള്ള ഹൃദയവിശാലത അയാൾക്കുണ്ടാകണം .അതിനു "കാവ്യസംസ്ക്കാരം "എന്നാണ് പറയുക .കവിയുടെ ഹൃദയത്തിനു സമാനമായിട്ടുള്ളവൻ തന്നെയാണ് സഹൃദയൻ . ജീവാത്മാവ് സകല പരിമിതിയും വിട്ട് പാരമാത്മാവിൽ ലയിക്കും പോലെയാണ് സഹൃദയൻ കാവ്യാത്മാവിൽ പ്രവേശിക്കുന്നത്. കാവ്യവസ്തുവിൽ ഇങ്ങനെ ചേരുന്നതിന് "താദാത്മ്യം" എന്നാണ് പറയുന്നത് .

**ചോദ്യങ്ങൾ:-**

.1.എന്താണ് കവിത? 2

.2 രാസാസ്വാദനം സുഗമമാവണമെങ്കിൽ എന്ത് വേണം? 2

.3 കാവ്യസംസ്ക്കാരം എന്നാൽ എന്ത്? 2

.4 ആരാണ് സഹൃദയൻ? 2

.5 സഹൃദയൻ കാവ്യാത്മാവിൽ പ്രവേശിക്കുന്നത് എങ്ങനെയാണ്? 2

## ബി വിഭാഗം രചന

2.

i. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **8**

a. വ്യക്തി ജീവിതത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം

b. കേരളീയ കലകൾ

c. കാർഷിക രംഗത്തെ തകർച്ച

ii. ബാലാവകാശങ്ങളെക്കുറിച്ച് വിദ്യാർഥികൾക്ക് ഒരു ബോധവത്കരണക്ലാസ് സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർമാന് അയക്കുന്നതിനായി ഒരു കത്ത് തയ്യാറാക്കുക. **8**

## സി വിഭാഗം വ്യാകരണം

3. i. പ്രയോഗം മാറ്റുക. **2x1=2**

a. ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

b.ദ്രോണരാൽ അശ്വത്ഥാമാവിന് ബ്രഹ്മശിരസ്സ് എന്ന അസ്ത്രം നല്കപ്പെട്ടിട്ടുണ്ട്.

ii. ചുവടെ തന്നിട്ടുള്ള വാക്യങ്ങളെ അംഗ,അംഗി വാക്യങ്ങളാക്കുക. **2x1=2**

a. പെണ്ണുങ്ങളുടെ ചെരുപ്പിട്ട് നടക്കുന്നുവെന്ന് പറഞ്ഞ് ചങ്ങാതിമാർ എന്നെ കളിയാക്കിയിരുന്നു.

a. ഏതോ കള്ളനെ പിടിക്കാനോടുന്ന പോലീസുകാരനെപ്പോലെ അടുത്ത സ്റ്റേഷൻ
ലക്ഷ്യമാക്കി അവൻ ഓടുകയാണ്.

iii. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. **2x1=2**

a. പൂന്തിങ്കൾ b. മനസ്സിളക്കാൻ

iv. വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക. **2x1=2**

a. പീതാംബരൻ b.ചതുർവേദം

v. പര്യായപദങ്ങളെഴുതുക. **2x1=2**

a. വെയിൽ b. ദേഹം

vi. നാനാർത്ഥങ്ങളെഴുതുക. **2x1=2**

a. കൊമ്പ് b. ശല്യം

vii. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **2x1=2**

a. ശാന്താ ആത്യയുടേയും കുമാർ മാമയുടെയും ജീവിതങ്ങൾ വഴിമുട്ടി ഗതിയില്ലാതെ നിന്നു.

b. കണ്ണിൽ വെള്ളം നിറഞ്ഞും വേദനകൊണ്ട് ഞരങ്ങിയും മിണ്ടാതായ ദുര്യോധനനോട് ക്രോധം കൊണ്ട് ജ്വലിച്ച് കത്തിക്കാളുന്ന അശ്വത്ഥാമാവ് കൈ തിരുമ്മിക്കൊണ്ടും തൊണ്ട ഇടറിക്കൊണ്ടും പറഞ്ഞു.

4. ബ്രായ്ക്കറ്റിൽ നിന്നും ശരി ഉത്തരം തെരഞ്ഞെടുത്തെഴുതുക. **2x½=1**

i. വിപരീതപദമെഴുതുക.

a. സ്വന്തം [ പരസ്പരം, അന്യം,അനന്യം,മറ്റ് ]

b. കേവലം [ ധാരാളം, കുറച്ച് , സങ്കീർണ്ണം,അനിതരം ]

ii. അർഥവ്യത്യാസമെഴുതുക. **2x½=1**

a. വീചി - വീഥി

[ തീരം, തിര, വാണി, വഴി ]

b. കാരണം കാരണം

[ബുദ്ധി ,മറുപടി,കുടം,ഹേതു ]

iii. എതിർലിംഗമെഴുതുക. **2x½=1**

a. ഭഗവാൻ

[ഭാർഗ്ഗവി, ഭഗവതി,ഭാഗ്യ,ഭഗവാൻ]

b. പ്രിയ

[പ്രിയത,പ്രിയതമ,പ്രിയൻ,സുപ്രിയ**]**

## ഡി വിഭാഗം സാഹിത്യം

5. i. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക. **10x½=5**

a. 'എന്റെ മാറ്റൊലിക്കവിതകൾ' എന്ന കവിതാസമാഹാരം ആരുടേതാണ് ?

[ വയലാർ ,പി.ഭാസ്കരൻ,വൈലോപ്പിള്ളി,ചങ്ങമ്പുഴ ]

b. ആതിഥ്യ ശാലയിൽ ശോഭിക്കുന്നതെന്താണ് ?

[ നിശാഗന്ധികൾ,അറിവുകൾ,ആംഗലേയഭാഷ ,ശില്പങ്ങൾ]

c. അമ്മയുടെ എഴുത്തുകൾക്ക് എന്ത് ചന്തമുണ്ടെന്നാണ് കവി അവകാശപ്പെടുന്നത് ?

[ നേര് ,മൊഴി, താളം, തേൻ]

d.അംഗമാടിക്കുതിരയെ വീണ്ടെടുത്തത് ആരാണ് ?

[ വഴിപോക്കർ, ഗായകർ, മുത്തശ്ശി, രാജാക്കന്മാർ ]

e. ഭാവശാലികൾ പിരിഞ്ഞു കൂടിയാൽ സുഖോദയം എപ്രകാരമായി ഭവിക്കും ?

[ സ്നേഹസാന്ദ്രമാകും ,ഊഷ്മളമാകും,ഔപചാരികമാകും,വികലമാകും ]

ii. a. മാങ്ങ പൊഴിയുന്നതിനായി കുട്ടികൾ നടത്തിയിരുന്ന യജ്ഞം ഏതായിരുന്നു ?

[തുമ്പിതുള്ളലും,ഉണ്ണി ഇടൽ ,അണ്ണാൻ പിറന്നാൾ,കൊതിയസമാജം]

b. ശരൺ കുമാറിന് വഴിയിൽ നിന്ന് വീണു കിട്ടിയത് ?

[വാറുപൊട്ടിയ ചെരുപ്പ്, പുസ്തകം, രൂപ,സ്വർണ്ണമാല ]

c. ചുവടെ തന്നിരിക്കുന്നവയിൽ എസ്.കെ.പൊറ്റെക്കാട്ട് ഏതുവിഭാഗത്തിൽ ഉൾപ്പെടുന്നു ?

[സംഗീത സംവിധായകൻ, യാത്രാവിവരണകാരൻ,മഹാകാവ്യ രചയിതാവ്, നിയമസഭാംഗം ]

d. കോളമിസ്റ്റ് എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച സാഹിത്യകാരൻ ?

[അടൂർ ഗോപാലകൃഷ്ണൻ,ഒ.വി.വിജയൻ, എൻ.പി.മുഹമ്മദ്,എം.കെ .സാനു ]

e. ഭാരതേതിഹാസങ്ങളിൽ ഉൾപ്പെടുന്ന ഒന്ന് മഹാഭാരതമാണ്.മറ്റേ ഇതിഹാസം ഏതാണ് ?

[ഒഡീസി , രാമായണം , ചിലപ്പതികാരം, കർണ്ണശപഥം ]

6. (i) ഉത്തരമെഴുതുക. **6x4=24**

(1) ''വേണ്ടപ്പെട്ടവർ ആരൊക്കെയോ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു''.

സന്ദർഭവും ആശയവും എഴുതുക.

(2) 'അമ്മ തന്നെയാണ് മാതൃഭാഷ'.ഈ പ്രസ്താവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെടുന്നു ?

(3) ''അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി''. സന്ദർഭവും ആശയവും എഴുതുക.

ii.

(1) ''ഏവമോതിയിടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ

ഭാവശാലികൾ പിരിഞ്ഞ് കൂടിയാ-

ലീവിധം വികലമാണ് സുഖോദയം''. ആശയം വിശദമാക്കുക.

(2) മാനവ പുരോഗതിയുടെ ചിത്രമാണ് 'അശ്വമേധം' എന്ന വയലാർക്കവിതയിൽ കാണാൻ സാധിക്കുന്നത് . സമർഥിക്കുക.

(3) ‘ലക്ഷ്മണ സാന്ത്വനം’ എന്ന പാഠഭാഗത്തിലൂടെ വെളിവാകുന്ന കവിയുടെ ജീവിതദർശനം വിശദീകരിക്കുക.

iii. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2x4=8**

(1) സുബ്ബാ ജടാപാടികളുമായുള്ള സംഗമം ചട്ടമ്പി സ്വാമികളുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായി മാറിയതെങ്ങനെ ?

(2) ചട്ടമ്പി സ്വാമികളുടെ അറുപതാം പിറന്നാൾ ആഘോഷത്തെക്കുറിച്ച് വിവരിക്കുക.

(3) കേരള നവോഥാനത്തിൽ ചട്ടമ്പിസ്വാമികൾ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.